# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **03/10/2016-ന് മറുപടിക്ക്**

**നമ്പർ. 1237**

## ജനപ്രതിനിധികൾക്ക് സെക്രട്ടേറിയറ്റിൽ വിവരങ്ങൾ നിഷേധിക്കുന്നത് സംബന്ധിച്ച്

**ചോദ്യം**

ശ്രീ. പി.കെ.ബഷീർ

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ പ്രത്യേകിച്ച് എം.എൽ.എ.മാർ നൽകുന്ന മണ്ഡലത്തിലെ പൊതുജനങ്ങളുടെ വിവിധ ആവശ്യപ്രകാരമുള്ള കത്തുകൾക്ക് മറുപടി നൽകുന്നതിനു ഉദ്യോഗസ്ഥതലത്തിൽ കാലതാമസം എടുക്കുന്നതും പലപ്പോഴും മറുപടി നൽകാതിരിക്കുന്നതും, മണ്ഡല വികസന പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ സംബന്ധിച്ച് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ നിന്നും പ്രത്യേകിച്ച ധനകാര്യ വകുപ്പിൽ നിന്നും പി.എ.മാർക്ക് വിവരങ്ങൾ നൽകാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ജനപ്രതിനിധികൾ നൽകുന്ന നിവേദനങ്ങൾക്കും കത്തുകൾക്കും സെക്രട്ടേറിയറ്റ് സെക്ഷനുകളിൽ പ്രത്യേക പരിഗണന നൽകി യഥാസമയം മറുപടി നൽകി വരുന്നുണ്ട്. എം.എൽ.എ.മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് തുടങ്ങിയ പദ്ധതികളിൽ എം.എൽ.എ.മാർ ശിപാർശ ചെയ്യുന്ന പ്രവർത്തികൾ സമയബന്ധിതമായി നടപടി സ്വീകരിച്ച് അക്കാര്യം എം.എൽ.എ.മാരെ യഥാസമയം ധനവകുപ്പ് അറിയിച്ച വരുന്നുണ്ട്. എം.എൽ.എ.മാരുടെ പി.എ.മാർ സെക്ഷനിൽ നടത്തുന്ന അന്വേഷണങ്ങൾക്ക് കൃത്യമായ വിവരം നൽകാറുമുണ്ട്. ജനപ്രതിനിധികൾ മന്ത്രിമാർക്കും വകുപ്പുതലവൻമാർക്കും നൽകുന്ന നിവേദനങ്ങൾക്ക്/കത്തുകൾക്ക് മുന്തിയ പരിഗണന നൽകി അവയ്ക്ക് കഴിവതും 10 ദിവസങ്ങൾക്കകം മറുപടി നൽകണമെന്നും, ഇത്തരം കത്തുകൾ ലഭിച്ചതായുള്ള |
| (ബി) | മേൽ വിഷയങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ ഇറക്കുന്ന സർക്കുലറുകൾ പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്നതിനാൽ ഈ വിഷയങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | ജനപ്രതിനിധികൾ നൽകുന്ന കത്തുകളിന്മേൽ സമയ ബന്ധിത മറുപടി, അവരുടെ ഫയലുകൾ സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിൽ നിന്നും കൃത്യമായ വിവരം ഇവ ലഭ്യമാക്കുന്നതിന് പര്യാപ്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ ? | | അറിയിപ്പുകൾ കൃത്യമായി നൽകണമെന്നും പ്രസ്തുത കത്തുകളിലും/നിവേദനങ്ങളിലും സ്വീകരിക്കപ്പെടുന്ന നടപടികൾ സംബന്ധിച്ച് നിയമസഭാംഗങ്ങളെ അറിയിക്കണമെന്നും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മറുപടി വ്യക്തവും സമഗ്രവുമായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ